**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **12-06-2024 - ൽ മറുപടിയ്ക്ക്**

**വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതിയിൽ അപേക്ഷ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വാത്സല്യനിധി പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി പെൺകുട്ടികളുടെ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ അനുവദിക്കേണ്ട ഇൻഷ്വറൻസ് തുക എൽ.ഐ.സി.യിൽ നിന്നും അനുവദിച്ചിരുന്നത്, കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന പ്രധാനമന്ത്രി ജീവൻജ്യോതി ഭീമ യോജന (PMJJBY) പോളിസി പ്രകാരമാണ്. സ്കൂൾ തലത്തിൽ ഒൻപതാം ക്ലാസ്സ് മുതലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ടി പോളിസിയുമായി ബന്ധപ്പെടുത്തി ശിക്ഷ സഹയോഗ് യോജന മുഖേന അനുവദിക്കാനും നിശ്ചയിച്ചിരുന്നു. എന്നാൽ 01-06-2020 ൽ കേന്ദ്ര സർക്കാർ ടി പോളിസി നിർത്തലാക്കിയതിനാൽ വിദ്യാഭ്യാസാനു കൂല്യങ്ങളും എൽ.ഐ.സി. യിൽ നിന്നും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ നിലവിലത്തെ പദ്ധതി മാനദണ്ഡങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി കൂടുതൽ ഗുണകരമായ രീതിയിൽ പദ്ധതി പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നതിന്റെ ഭാഗമായി എൽ.ഐ.സി യുമായും മറ്റ് സർക്കാർ ഏജൻസികളുമായും ചർച്ചകൾ നടത്തി വരുന്നു. അതിനാൽ പുതിയ അപേക്ഷകൾ നിലവിൽ സ്വീകരിക്കുന്നില്ല,<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് LIC യുമായി ചേർന്ന് നടപ്പിലാക്കി വന്ന |

| | | | |
|---|---|---|---|
| | | | ഗോത്രവാൽസല്യനിധി പദ്ധതിയുടെ മാനദണ്ഡങ്ങൾ LIC ഏകപക്ഷീയമായി 01.06.2020 മുതൽ ഭേദഗതി വരുത്തിയതിനാൽ പദ്ധതി തുടരുന്നതിന് സർക്കാർ അനുമതി അഭ്യർത്ഥിക്കുകയും LIC സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത പദ്ധതി തുടരുന്നതിന് തടസ്സം നേരിട്ടതിനാലാണ് പുതിയ അപേക്ഷകൾ സ്വീകരിക്കാൻ കഴിയാത്തത്. |
| (ബി) | പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനും കൂടുതൽ ഗുണകരമായ രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി എൽ.ഐ.സി യുമായും മറ്റ് സർക്കാർ ഏജൻസികളുമായും സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |
| (സി) | വാത്സല്യനിധി പദ്ധതി മുടങ്ങിക്കിടക്കുന്നതു മൂലം ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങളും രക്ഷിതാവ് മരിച്ചാലുള്ള ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനും കൂടുതൽ ഗുണകരമായ രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി എൽ.ഐ.സി യുമായും മറ്റ് സർക്കാർ ഏജൻസികളുമായും സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിക്ക് പ്രചരണം കുറവായതിനാലാണ് അപേക്ഷകളുടെ എണ്ണം വർദ്ധിക്കാത്തത് എന്നതിനാൽ ഈ ന്യൂനത പരിഹരിച്ച് പദ്ധതി കാര്യക്ഷമതയോടെ നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | വാത്സല്യനിധി/ ഗോത്ര വാത്സല്യനിധി പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നതിനാൽ അപേക്ഷ സ്വീകരണവും പ്രചാരണ പ്രവർത്തനങ്ങളും താത്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുവാൻ സാധിയ്ക്കുന്ന തരത്തിൽ പദ്ധതി പുനരാവിഷ്കരിയ്ക്കുന്ന വേളയിൽ മതിയായ പ്രചരണം നൽകുകയും പത്രമാധ്യമങ്ങളിലൂടെയും അങ്കണവാടികൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും പ്രചാരണം നടത്തി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതായിരിയ്ക്കും . |
| (ഇ) | പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ഇ) | വാത്സല്യനിധി പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ :-<br><br>1. 01-04-2017 നും അതിനു ശേഷവും ജനിച്ച പെൺകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.<br><br>2. അപേക്ഷകയായ പെൺകുട്ടിയുടെ മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിയ്ക്കണം. |

| | | | |
|---|---|---|---|
| | | | 3. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിച്ചി രിയ്ക്കണം.<br><br>പട്ടിക വർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കിയാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 ലക്ഷം രൂപ വരെ വരുമാനപരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് ഗോത്ര വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി വിഭാവനം ചെയ്തിരുന്നത്. 01/04/2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് 39,000/-, 36,000/-, 33,000/-, 30,000/- എന്നിങ്ങനെ 4 തവണകളായി 1,38,000/- രൂപ LIC യിൽ നിക്ഷേപിക്കുകയും പ്രതിവർഷം 342/- രൂപ വീതം ഇൻഷ്വറൻസ് പ്രീമിയം തുകയായി നിക്ഷേപിച്ച തുകയുടെ പലിശയിൽ നിന്നും LIC യുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നും തത്തുല്യമായി കിഴിവ് ചെയ്യുന്നു. ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് രണ്ട് വയസ്സാകുമ്പോൾ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത ശേഷം 2,000/- രൂപയും 5 വയസ്സാകുമ്പോൾ 3,000/- രൂപയും 10 വയസ്സാകുമ്പോൾ 5,000/- രൂപയും 10-ാം ക്ലാസ്സ് പൂർത്തിയാകുമ്പോൾ 10,000/- രൂപയും 18 വയസ്സ് പൂർത്തിയാകുമ്പോൾ നിക്ഷേപിച്ച തുക പലിശയടക്കം കുട്ടിക്ക് നൽകുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. മാതാപിതാക്കൾ അപകടത്തിൽ മരണപ്പെടുന്ന പക്ഷം 4 ലക്ഷം രൂപ , സാധാരണ മരണമാണെങ്കിലും മുഴുവനായി അംഗഭംഗം വന്നാലും 2 ലക്ഷം രൂപ വരെയും ,ഭാഗികമായ അംഗഭംഗം സംഭവിക്കുന്ന പക്ഷം 1 ലക്ഷം രൂപ വരെയും ലഭിക്കുവാൻ പദ്ധതി ലക്ഷ്യമിട്ടിരുന്നു. |
| (എഫ്) | എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതിയുടെ പ്രചരണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ വാത്സല്യനിധി/ഗോത്ര വാത്സല്യനിധി പദ്ധതികളിലേക്ക് അപേക്ഷ സ്വീകരിയ്ക്കാത്തതിനാൽ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നില്ല. പദ്ധതി പുനരാരംഭിച്ച് അപേക്ഷകൾ സ്വീകരിയ്ക്കുന്ന വേളയിൽ മതിയായ പ്രചാരണ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ തലങ്ങളിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിയ്ക്കും. |

സെക്ഷൻ ഓഫീസർ